(സി) ഇല്ലെങ്കിൽ പ്രസ്തുത ജലഘോഷയാത്രയ്ക്കും വള്ളംകളിക്കും ടൂറിസം വകുപ്പിന്റെ സഹായം ലഭിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി)ഈ ആഘോഷ പരിപാടിയ്ക്ക് ധനസഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ഇപ്പോഴാണ് ടൂറിസം വകുപ്പിനു ലഭിച്ചത്. അതു പരിശോധിച്ച് ഉചിതമായ തീരുമാനം ഉടനേ കൈക്കൊള്ളുന്നതാണ്.

128 (2314) അധികാര ദുർവിനിയോഗം സംബന്ധിച്ച പരാതി

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്വക്കേറ്റ് ജനറലിനെയോ ഹൈക്കോടതിയിലെ മറ്റേതെങ്കിലും അഭിഭാഷകരെ സംബന്ധിച്ചോ അഴിമതി ആരോപണമോ അധികാരം ദുർവിനിയോഗം ചെയ്തുവെന്നോ ആക്ഷേപം ഉന്നയിച്ചുകൊണ്ടുള്ള എന്തെങ്കിലും പരാതിയോ ഹൈക്കോടതിയിലോ ലോകായുക്തയിലോ സംസ്ഥാന സർക്കാരിനോ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരെക്കുറിച്ചെല്ലാമാണ് പരാതി ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പരാതിയിൽ ഉന്നയിക്കപ്പെട്ടിരിക്കുന്ന ആക്ഷേപങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും സത്യവാങ്മൂലം ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) നിയമവകുപ്പിൽ ലഭിച്ചിട്ടില്ല. ലോകായുക്തയിൽ സംസ്ഥാന അഡ്വക്കേറ്റ് ജനറലിനെതിരെ ഒരു പരാതി സമർപ്പിക്കപ്പെട്ടതായുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിനെതിരെ ഹൈക്കോടതിയിലും ഒരു ഹർജി സമർപ്പിക്കപ്പെട്ടതായും അത് തള്ളിപ്പോയതായും ഉള്ള പത്രവാർത്തയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)-(ഡി)കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. ശേഖരിച്ചു നൽകുന്നതാണ്.

129 (2315) കൊടുങ്ങല്ലൂരിലെ ടൂറിസം പദ്ധതി

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂരിലെ ചരിത്രപ്രാധാന്യമുള്ള മോസ്ക്, ക്രിസ്ത്യൻപള്ളി, അമ്പലം എന്നിവയും ചേരമാൻ പറമ്പ്, കോട്ട എന്നിവയും കൂടി ഉൾപ്പെടുത്തി സഞ്ചാരികളെ ആകർഷിക്കുന്ന ഒരു പരിപാടിക്ക് രൂപം കൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly